## ചീഫ് ടൗൺ പ്ലാനറുടെ നടപടി

വിഷയം:- നഗര-ഗ്രാമാസൂത്രണ വകുപ്പ് -ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം, തിരുവനന്തപുരം -സാങ്കേതിക വിഭാഗം-പത്തനംതിട്ട ജില്ല- പത്തനംതിട്ട നഗരസഭ-പത്തനംതിട്ട വില്ലേജ് -വാണിജ്യ കെട്ടിട നിർമ്മാണം കൺകറൻസ് നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. പത്തനംതിട്ട നഗരസഭ സെക്രട്ടറിയുടെ 13-05-2019 ലെ ബിഎ-01/18-19 നമ്പർ കത്ത്.
2. പത്തനംതിട്ട ടൗൺ പ്ലാനറുടെ 22-05-2019-ലെ TCPPTA/359/2019-C നമ്പർ കത്ത്.

===============================================================

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

**ഉത്തരവ് നമ്പർ. TCPCTP/1222/2019-C3 തീയതി:22/07/2019**

===============================================================

പത്തനംതിട്ട ജില്ലയിലെ പത്തനംതിട്ട നഗരസഭ പരിധിയിലുള്ള പത്തനംതിട്ട വില്ലേജിൽ സർവ്വെ നമ്പർ. 150/12, 150/12-1-1-1-ൽ ഉൾപ്പെട്ട 708 ചതുരശ്ര മീറ്റർ സ്ഥലത്ത് നിലവിൽ കെട്ടിട നമ്പർ ലഭിച്ചിട്ടുള്ള 1077.32 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഗ്രൗണ്ട് ഫ്ലോർ+2 കൊമേഴ്സ്യൽ കെട്ടിടത്തിന്റെ രണ്ടാം നിലയിൽ കൂട്ടിച്ചേർത്ത് നടത്തിയിട്ടുള്ള 128.08 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. ഷിബു & അൽ-അമീൻ, കൂടത്തിനാൽ, കിഴക്കേതിൽ തോന്നല്ലൂർ, പന്തളത്തിന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ. 1999 -നും താഴെ പറയുന്ന നിബന്ധനകൾക്കും, വിധേയമായി പ്രസിദ്ധീകരിച്ച ഡെവലപ്മെന്റ് പ്ലാനിന്റെ മേഖലാ നിയന്ത്രണ ചട്ടങ്ങൾക്ക് വിധേയമായി ചീഫ് ടൗൺ പ്ലാനറുടെ കൺകറൻസ് നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ:-**

1. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 42 പൂർണ്ണമായും പാലിക്കുന്ന വിധത്തിൽ ഫയർ എസ്കേപ്പ് സ്റ്റെയർ നൽകിയിരിക്കണം. ഇത് മൂലം മറ്റ് ചട്ടങ്ങളുടെ ലംഘനം ഉണ്ടാവാൻ പാടില്ല.
2. കെ.എം.ബി.ആർ. 1999 -ലെ ചട്ടം 40 (A) പ്രകാരം ശാരീരികാവശതയുള്ള ആളുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ പൂർണ്ണമായും ഏർപ്പെടുത്തിയിരിക്കണം.
3. കെ.എം.ബി.ആർ. 1999 -ന് അനുസൃതമായി ആവശ്യമായ ഏജൻസികളുടെ എൻ.ഒ.സി./അനുമതി വാങ്ങിയിരിക്കണം.
4. പ്ലോട്ടിന്റെ കിഴക്ക്, പടിഞ്ഞാറ് വശത്തുള്ള സ്ഥല ഉടമകളുടെ സമ്മതം (Consent) വാങ്ങിയിരിക്കണം.
5. കെ.എം.ബി.ആർ. 1999-ലെ ചട്ടം 26 (A)-യ്ക്ക് അനുസൃതമായി മാലിന്യ നിർമ്മാർജ്ജന സംവിധാനവും ഏർപ്പെടുത്തിയിരിക്കണം.
6. G.O.(P) No.11/2018/LSGD Dated: 15-02-2018 ഉത്തരവിലെ നടപടിക്രമങ്ങളെല്ലാം

പാലിച്ചിരിക്കണം.

7. ക്രമവൽക്കരണ കമ്മിറ്റിയുടെ 27-03-2019-ലെ സി -184/2019 നമ്പർ നടപടിക്രമത്തിലെ നിബന്ധനകളെല്ലാം പാലിച്ചിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**(ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം)**

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ.

**ജയശ്രീ.പി.ആർ.**
**ടൗൺ പ്ലാനർ**

**സെക്രട്ടറി**
പത്തനംതിട്ട നഗരസഭ.

പകർപ്പ്:-1. ശ്രീ.ഷിബു & അൽ-അമീൻ,
കുടത്തിനാൽ, കിഴക്കേതിൽ തോന്നല്ലൂർ, പന്തളം, പത്തനംതിട്ട.
2. ടൗൺ പ്ലാനർ, പത്തനംതിട്ട.
3. വെബ് സൈറ്റ്. 4. കരുതൽ ഫയൽ. 5. അധികം.